## സെമിനാർ സംഘടിപ്പിച്ചു

വെഞ്ഞാറമൂട്: ആലന്തറ ഗവ. യു.പി.എസിൽ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ 'കാലാവസ്ഥ വ്യതിയാനവും ഊർജ്ജ സംരക്ഷണവും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. സി.കെ.ഗോപാലകൃഷ്ണൻ നായർ വിഷയാവതരണം നടത്തി.

## കൂൺകൃഷി പരിശീലനം

വർക്കല: വയനാട്ടിലെ കൂൺകർഷക കൂട്ടായ്മയായ ശാന്തിനികേതന്റെ ആഭിമുഖ്യത്തിൽ മാർച്ച് 17ന് രാവിലെ 10.30 ന് വർക്കല മുനിസിപ്പൽ ഓഡിറ്റോറിയത്തിൽ കൂൺകൃഷി പരിശീലന ക്ലാസ്സ് നടത്തും. വിവരങ്ങൾക്ക്: ഫോൺ: 95399752321, 9846307222

## ഐക്യകൺവെൻഷൻ

അമരവിള: ദക്ഷിണകേരള മഹായിടവക ജില്ലാ ഐക്യകൺവെൻഷൻ അമരവിള സി.എസ്.ഐ മൈതാനത്ത് ആരംഭിച്ചു. ബിഷപ്പ് എം.ഐ.കേസരി ഉദ്ഘാടനം ചെയ്തു. ഡോ.കെ.പുഷ്പരാജൻ അദ്ധ്യക്ഷതവഹിച്ചു. ബ്രദർതോമസ്കുട്ടി, ബ്രദർതങ്കു മുഖ്യസന്ദേശം നൽകി.

# ബ്രിട്ടീഷ്‌ലൈബ്രറിക്ക് 'പുനർജന്മം', ഒരുമാസത്തിനകം...

**അരുൺസദാശിവൻ**



തിരുവനന്തപുരം: നഗരത്തിലെ വിജ്ഞാന ദാഹികൾക്ക് മനം കുളിർപ്പിക്കുന്ന വാർത്ത. അടച്ചു പൂട്ടപ്പെട്ട ബ്രിട്ടീഷ് ലൈബ്രറിക്ക് ഒരു മാസത്തിനകം പബ്ളിക് ലൈബ്രറിയിൽ പുനർജന്മം. സർക്കാർ ഏറ്റെടുത്ത പുസ്തകങ്ങൾ പബ്ളിക് ലൈബ്രറിയിൽ വെറുതെ ഡമ്പ് ചെയ്തിരിക്കുകയാണെന്നും, വിലമതിക്കാനാവാത്ത പുസ്തകങ്ങൾ നശിച്ചു കൊണ്ടിരിക്കുകയാണെന്നുമുള്ള ആശങ്കയുടെ വാർത്തകൾക്കും വിരാമമാകുകയാണ്. ജനങ്ങളെ അറിയിച്ചു കൊണ്ട് ഔപചാരിക ചടങ്ങിൽ പ്രത്യേക വിഭാഗമായി പബ്ളിക് ലൈബ്രറിയിൽ ബ്രിട്ടീഷ് ലൈബ്രറി വിഭാഗം തുറക്കാനാണ് സർക്കാർ നീക്കം.

ഇതിനുള്ള നടപടികൾ ഊർജ്ജസ്വലമായി മുന്നോട്ട് പോകുന്നത് ലൈബ്രറിയിലെത്തുന്നവർക്ക് കാണാം. പൂർണ്ണമായി കംപ്യൂട്ടറൈസ് ചെയ്തിട്ടുള്ള പബ്ലിക് ലൈബ്രറിയുടെ ഭാഗമായി 'ബ്രിട്ടീഷ്' പുസ്തകങ്ങളും കംപ്യൂട്ടറൈസ് ചെയ്യുകയാണ്. പുസ്തകങ്ങൾ സൂക്ഷിക്കാനായി 50 സ്റ്റീൽ റാക്കുകൾ വാങ്ങി. 27,000ത്തോളം പുസ്തകങ്ങളാണ് ബ്രിട്ടീഷ് ലൈബ്രറിയിൽ നിന്ന് സർക്കാർ ഏറ്റെടുത്തത്. ഇതിൽ 22,000ത്തോളം പുസ്തകങ്ങൾ കേടുപാടൊന്നും സംഭവിച്ചിട്ടില്ലാത്തവയാണ്. 5,000ത്തോളം പുസ്തകങ്ങൾ ബൈൻറ് ചെയ്യുന്നതിനും മറ്റുമായി കൊടുത്തിരിക്കുന്നു. വിവിധ വിഷയങ്ങളിലായി അമൂല്യഗ്രന്ഥങ്ങളുടെ ശേഖരമാണ് വായനക്കാർക്കായി ഒരുങ്ങുന്നത്. മെഡിക്കൽ കോളേജ് ലൈബ്രറിയിൽ പോലും ലഭ്യമാകാത്ത ആതുര ശുശ്രൂഷാ പഠന പുസ്തകങ്ങൾ മുതൽ കുട്ടികൾക്കുള്ള പുസ്തകങ്ങൾ വരെയുണ്ട് ഈ നിധിശേഖരത്തിൽ. ബ്രിട്ടീഷ് ലൈബ്രറി പുസ്തകങ്ങൾ വീണ്ടും വായനക്കാരനിലെത്തുന്നതോടെ, ഒരു തലമുറയുടെ ഹൃദയമിടിപ്പിനു കൂടി തുടർച്ച കിട്ടുകയാണ്.

# ആർ.പി.എഫ് കോൺസ്റ്റബിളിനെ ആക്രമിച്ചയാൾ കസ്റ്റഡിയിൽ

തിരുവനന്തപുരം: റെയിൽവേ സ്റ്റേഷനിലെ യാർഡ് ഡ്യൂട്ടിക്കിടയിൽ ആർ.പി.എഫ് കോൺസ്റ്റബിളിനെ ആക്രമിച്ച് പരിക്കേൽപ്പിച്ച ഭരദ്വാജ് എന്ന അന്യനാട്ടുകാരനെ കസ്റ്റഡിയിലെടുത്തു. അക്രമത്തിൽ കോൺസ്റ്റബിൾ രാജശേഖരൻ നായരുടെ(42) കൈപ്പത്തി അറ്റുപോയി. തുടർന്ന് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച് തുന്നിച്ചേർത്തു. ഇന്നലെ രാത്രി പതിനൊന്നേകാലോടെയായിരുന്നു സംഭവം.

പവർഹൗസിലെ രണ്ടാം ടെർമിനലിനു സമീപം യാർഡ് ഡ്യൂട്ടിയിലായിരുന്നു രാജശേഖരൻ നായർ. ഇതിനിടെ അവിടത്തെ മതിൽചാടി കടന്ന് ആരോ ഉള്ളിലേക്ക് പ്രവേശിക്കുന്നത് കണ്ടു. ഒളിച്ചിരുന്ന അയാളെ കണ്ടെത്തി ചോദ്യം ചെയ്തു. തുടർന്ന് സ്റ്റേഷനിലേക്ക് ബലമായി കൊണ്ടുപോകാനുള്ള ശ്രമത്തിനിടെയാണ് സമീപത്ത് കിടന്ന ഒരു പൊട്ടിയ കുപ്പി എടുത്ത് അക്രമി രാജശേഖരൻ നായരുടെ തലയ്ക്കടിക്കുകയായിരുന്നു. അത് തടയാൻ ശ്രമിക്കുന്നതിനിടെ ഇടതുകൈപ്പത്തി അറ്റുതൂങ്ങിയത്. ധൈര്യം കൈവിടാതെ ഉടൻ വയർലെസ് സെറ്റിലൂടെ അറിയിച്ചതിനെതുടർന്ന് കൂടുതൽ പൊലീസ് എത്തി രാജശേഖരൻ നായരെ ആശുപത്രിയിൽ എത്തിച്ചു. അക്രമിയെ കസ്റ്റഡിയിലെടുത്തു.

ഒരാൾക്ക് ചാടികടക്കാവുന്ന മതിലിലൂടെ കുറച്ചുദിവസങ്ങൾക്കുമുമ്പും ഒരാൾ ഉള്ളിലെത്തിയതായി സംശയമുണ്ട്. തുടർന്ന് ഇവിടെ പരിശോധന കർശനമാക്കിയിരുന്നു.

# ട്രാവൻകൂർ പ്ളൈവുഡ് എട്ടുകൊല്ലമായി പ്രവർത്തനരഹിതം

Right to Infoflash

**ചോദ്യം അയച്ചത്:** കെ. എസ്. വല്ലി കണ്ണനാകുഴി, ചാരുംമൂട്.

**മറുപടി നൽകിയത് :** ട്രാവൻകൂർ പ്ളൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, പുനലൂർ.

**ചോദ്യം :** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ പൊതുമേഖല/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ബോർഡംഗങ്ങളിൽ പട്ടികജാതി വിഭാഗങ്ങളിലെ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

**മറുപടി :** ട്രാവൻകൂർ പ്ളൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 10.11.2002 മുതൽ പ്രവർത്തനരഹിതമാണ്. അതിനാൽ പ്രസ്തുത സ്ഥാപനത്തിലെ ഡയറക്ടർ ബോർഡിൽ കമ്പനിയുടെ സി.എം. ഡി കൂടാതെ വ്യവസായ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും നോമിനികൾ മാത്രമേയുള്ളൂ.



ചോദ്യങ്ങൾ അയയ്ക്കുന്ന കവറിനുമുകളിൽ 'റൈറ്റ് ടു ഇൻഫോ ഫ്ലാഷ്' എന്ന് രേഖപ്പെടുത്തിയിരിക്കണം. ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ, കേരളകൗമുദി ഫ്ലാഷ്, പേട്ട, തിരുവനന്തപുരം-24.

# കേരളകൗമുദി ഫ്ലാഷ് FREE ENTRANCE COACHING-CHEMISTRY-53

### Chemistry –53

1. 500 J of heat was supplied to a system at constant volume. It resulted in the increase of temperature of the system from 30°C to 33°C. The change in internal energy of the system is
   a) 300 J b) 500 J c) 700 J d) 800 J e) 200 J
2. Among 1.U 2.H 3.S 4.G extensive properties are
   a) 1&2 b) 2&3 c) 3&4
   d) 1,2 & 3 e) 1,2,3 & 4
3. 5.6 $dm^3$ of an unknown gas at S.T.P requires 52.25 J of heat to raise its temperature by 10°C at constant volume. $C_p$ of the gas is
   a) 20.9 $J k^{-1} mol^{-1}$ b) 29.214 $J k^{-1} mol^{-1}$
   c) 33.2 $J k^{-1} mol^{-1}$ d) 52.3 $J k^{-1} mol^{-1}$
   e) 14.2 $J k^{-1} mol^{-1}$
4. Entropy change involved in the conversion of one mole of liquid water at 373 K to vapour at the same temperature is
   (given latent heat of vapourisation of water = 2.257 kJ/g)
   a) 210.5 $J k^{-1} mol^{-1}$ b) 315.3 $J k^{-1} mol^{-1}$
   c) 108.9 $J k^{-1} mol^{-1}$ d) 52.3 $J k^{-1} mol^{-1}$
   e) 6.3 $J k^{-1} mol^{-1}$
5. At 0°C, ice and water are in equilibrium and $\Delta H = 6\ J k^{-1} mol^{-1}$ for the process $H_2O_{(s)} \rightarrow H_2O_{(l)}$. $\Delta G$ for the conversion of ice into water is
   a) 20 $J k^{-1} mol^{-1}$ b) 10 $J k^{-1} mol^{-1}$
   c) 15 $J k^{-1} mol^{-1}$ d) 12.3 $J k^{-1} mol^{-1}$
   e) Zero
6. For the reaction $A_{(s)} + 3B_{(g)} \rightarrow 4C_{(g)} + D_{(l)}$
   $\Delta H$ and $\Delta U$ are related as
   a) $\Delta H = \Delta U$ b) $\Delta H = \Delta U + 3RT$
   c) $\Delta H = \Delta U + RT$ d) $\Delta H = \Delta U - 3RT$
   e) $\Delta H = \Delta U - RT$
7. The enthalpy of a certain reaction at 50°C is –50 kJ. The enthalpy of the same reaction at 27°C is (if heat capacities of reactants and products is same) will be
   a) –27 kJ b) –50 kJ c) zero
   d) –77 kj e) –12 kJ
8. Among 1. enthalpy 2. Temperature 3. Volume 4. Refractive index. Intensive quantities are
   a) 1 & 2 b) 2 & 3 c) 1 & 4
   d) 2 & 4 e) 1 & 4
9. A reaction is spontaneous if
   a) $T\Delta S > \Delta H$ and $\Delta H$ = +ve and $\Delta S$ = -ve
   b) $T\Delta S = \Delta H$ and $\Delta H$ and $\Delta S$ are +ve
   c) $T\Delta S < \Delta H$ and both $\Delta H$ and $\Delta S$ are +ve
   d) $T\Delta S > \Delta H$ and both $\Delta H$ and $\Delta S$ are +ve
   e) None of these.
10. For the reaction $2H_2 + O_2 \rightarrow 2H_2O$, $\Delta H$ = –571. Bond energy of H–H = 435 and 0 = 0 = 498. Then the average bond energy of O–H bond will be
    a) 484 b) –484 c) 271 d) –721 e) –271

ഉത്തരങ്ങൾ CHEMISTRY -54 ചാപ്റ്ററിനൊപ്പം

### Chemistry – 52

| | | | | | |
|---|---|---|---|---|---|
| 1. | B) | 2. | D) | 3. | A) |
| 4. | B) | 5. | E) | 6. | B) |
| 7. | E) | 8. | C) | 9. | B) |
| 10. | D) | | | | |

**Prof.P.C Thomas Classes,** TC-6-1417, East Fort, Thrissur-5
**Chaithanya Classes,** Sankarayya Road, West Fort, Thrissur
"To God, through Education" 210